സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഡെമോൺസ്ട്രേറ്റർ ആയി സ്ഥാനക്കയറ്റം

104 [3087] *ശ്രീ. ജോണി നെല്ലൂർ*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ ഡിപ്ലോമാ യോഗ്യതയുള്ളവർക്ക് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ ആയി സ്ഥാനക്കയറ്റം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഈ തസ്തികയിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ വരുന്ന ജീവനക്കാർക്ക് അവസാനമായി ഇപ്രകാരം സ്ഥാനക്കയറ്റം നൽകിയതെന്നാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് ഈ വിഭാഗത്തിലെ ആളുകളെ സ്ഥാനക്കയറ്റം നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-ൽ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാല നടത്തിയ അസിസ്റ്റന്റ് ഗ്രേഡ് II നിയമനം

105 [3088] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നടത്തിയ അസിസ്റ്റന്റ് ഗ്രേഡ് II പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർവ്വകലാശാല നടത്തിയ അസിസ്റ്റന്റ് ഗ്രേഡ് II പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചോദ്യ ചോർച്ച ഉണ്ടായിട്ടില്ല എന്നാണ് സർവ്വകലാശാലയുടെ നിലപാട്.

(ബി) ചോദ്യപേപ്പർ ചോർന്നു എന്ന ആരോപണത്തെ തുടർന്നുണ്ടായ ബഹളംമൂലം പരീക്ഷ തടസ്സപ്പെട്ട സെന്ററിലെ ഉദ്യോഗാർത്ഥികൾക്കായി പുനഃപരീക്ഷ നടത്തുവാൻ സർവ്വകലാശാല തീരുമാനിച്ച സാഹചര്യത്തിൽ സർക്കാർ തലത്തിൽ നടപടി ആവശ്യമില്ല എന്ന് സർക്കാർ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly